# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *702 16.07.2012 ൽ മറുപടിക്ക്

## റോഡ് വികസനനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>„ കെ. മുരളീധരൻ :<br>„ എ.പി. അബ്ദുള്ളക്കുട്ടി :<br>„ വി. റ്റി. ബൽറാം : | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത്വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് റോഡ് വികസന നയം രൂപപ്പെടുത്തിയിട്ടുണ്ടോ: വിശദമാക്കുമോ; | (എ) റോഡ് വികസന നയത്തിന്റെ കരടു രൂപം തയ്യാറാക്കിയിട്ടുണ്ട്. ഉപ സമിതി തയ്യാറാക്കിയ നയത്തിന്റെ കരട് രൂപം വിശദമായ പരിശോധന യ്ക്കുശേഷം പുറപ്പെടുവിക്കുന്നതാണ്. ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ശാസ്ത്രീയമായാണ് റോഡ് വികസന നയം വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ പ്രദേശത്തെയും വാഹന സാന്ദ്രത, ഭൂമിയുടെ കിടപ്പ്, റോഡ് കടന്നു പോകുന്ന പ്രദേശത്തെ ജനസാന്ദ്രത, റോഡ് ഉപയോക്താക്കളുടെ സുരക്ഷ എന്നിവയെല്ലാം പുതിയ റോഡ് നയത്തിൽ കണക്കിലെടുത്തിട്ടുണ്ട്. |
| (ബി) സംസ്ഥാന പാതകൾ നാലു വരിയാക്കാനും ഇവയെ ബന്ധിപ്പിക്കുന്ന മറ്റു റോഡുകൾ രണ്ടുവരിപ്പാതയാക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) സംസ്ഥാന പാതകൾ, ഗതാഗത സാന്ദ്രതയനുസരിച്ച്, നഗരപ്രദേശങ്ങളിൽ നാലുവരിപ്പാതയാക്കുവാനും, മറ്റിടങ്ങളിൽ പേവ്ഡ് ഷോൾഡേഴ്സ് ഉള്ള രണ്ടു വരിപ്പാത, അതില്ലാത്ത രണ്ടുവരിപ്പാത എന്ന രീതിയിലാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| (സി) ആയതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) PPP പ്രോജക്റ്റുകളും ADB, World Bank മുതലായ ഏജൻസികളിൽ നിന്നുള്ള സഹായവും വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ